**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1161** **27-07-2021 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനങ്ങളിലെ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യൂണിവേഴ്സിറ്റി സംവിധാനം നിലവിൽ വന്നത് മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ, കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ (ലക്ച്ചറർ), അസോസിയേറ്റ് പ്രൊഫസർ(റീഡർ), പ്രൊഫസർ എന്നീ തസ്തികകളിൽ സംവരണ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവർക്കായി നീക്കിവെച്ച ബാക്ക് ലോഗ് ഒഴിവുകളുടെ വിവരം കാറ്റഗറി തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സംവരണ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവക്കായി നീക്കി വച്ചിരിക്കുന്ന ബാക്ക് ലോഗ് ഒഴിവുകളുടെ വിവരങ്ങൾ കാറ്റഗറി തിരിച്ച് ചുവടെ ചേർക്കുന്നു. സംവരണ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അസ്സോ- സിയേറ്റ് പ്രൊഫസർ പ്രൊഫസർ എസ്.സി 2 7 2 എസ്.ടി 0 2 2 ഒ.ബി.സി 9 12 7 ഇ.ഡബ്ല്യൂ.എസ് 1 0 0 ഭിന്നശേഷി 0 2 2 കാലിക്കറ്റ് സർവ്വകലാശാല അധ്യാപക നിയമനത്തിനായി 2015 ൽ ആണ് വിജ്ഞാപനം ഇറക്കിയത്. അന്നത്തെ സിണ്ടിക്കേറ്റ്, അസിസ്റ്റന്റ് പ്രൊഫെസ്സർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ഒരു ഉപ സമിതിയെ നിയോഗിച്ചു. ആ ഉപ സമിതിയുടെ റിപ്പോർട്ട് അനുസരിച്ചു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്മെന്റിൽ 1 SC/ST വേക്കൻസിയും, സ്കൂൾ ഓഫ് ഡ്രാമ വിഭാഗത്തിൽ 4 PH വേക്കൻസിയും ആയിരുന്നു ബാക് ലോഗ് വേക്കൻസി ആയി ഉണ്ടായിരുന്നത്. 28.03.2015 നു നടന്ന സെനറ്റ് മീറ്റിംഗ്, ഉപസമിതി തീരുമാനങ്ങൾ താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു. SC/ST, ഭിന്നശേഷിക്കാർ എന്നിവരുടെ മാത്രം ബാക് ലോഗ് ഒഴിവുകൾ നികത്തുക. ഇവ പ്രത്യേകമായി വിജ്ഞാപനം ചെയ്യുക. ആദ്യം വരുന്ന നാല് ഒഴിവുകൾ ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്യുക. ഇതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി 9833/GA-II-C-SO2013/CU, 9833/GA-II-CSO2013/CU(2) and 9833/GA-II-C-SO2013/CU(3) dated 13-04-2015 നമ്പർ വിജ്ഞാപനം ഇറക്കുകയും ചെയ്തു.ഈ വിജ്ഞാപനം കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ബഹുമാനപ്പെട്ട ഹൈകോടതി, 9785 of 2015-W, 17961 of 2015 -U, 18659 of 2015- F and 18797 of 2015-Yവിധി പ്രകാരം പൊതു വിഭാഗത്തിന് |

വേണ്ടിയുള്ള 9833/GA-II-C-SO/2013/CU വിജ്ഞാപനം, SC/ST വിഭാഗത്തിന് മാത്രം വേണ്ടിയുള്ള 9833/GA-II-CSO2013/CUവിജ്ഞാപനം, ഭിന്നശേഷിക്കാർക്ക് മാത്രം വേണ്ടിയുള്ള 9833/GA-II-CSO2013/CU(3) Dated 13/04/2015 നമ്പർ വിജ്ഞാപനം എന്നിവ റദ്ദ് ചെയ്യുകയും യൂണിവേഴ്സിറ്റി ഒറ്റ യൂണിറ്റ് ആയി കണക്കാക്കിക്കൊണ്ടു പുതിയ വിജ്ഞാപനം ഇറക്കാൻ സർവകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തു. ന്യൂവാൽസ് അസിസ്റ്റന്റ് പ്രൊഫസർ: ഇല്ല. അസോസിയേറ്റ് പ്രൊഫസർ (പട്ടികജാതി വിഭാഗം): ഒന്ന് (നാലു തവണ അഖിലേന്ത്യാ അടിസ്ഥാനത്തിൽ പരസ്യം ചെയ്തിട്ടും വേണ്ട യോഗ്യതയുള്ള അപേക്ഷകരുടെ അഭാവത്തിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല) പ്രൊഫസർ : ഇല്ല. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ അർഹതപ്പെട്ട സംവരണവിഭാഗങ്ങൾക്കായി പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവാണുണ്ടായിരുന്നത്. പ്രസ്തുത തസ്തികയിലേക്ക് അർഹരായവരെ ലഭിക്കാത്തതുമൂലം ഒഴിവ് നികത്തിയിട്ടില്ല. പുനർവിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. അസോസിയേറ്റ് പ്രൊഫസറുടെ തസ്തിക നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തികയിൽ ഇനി ഒഴിവുകൾ യാതൊന്നുമില്ല. 2013, 2016 വർഷങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ വഴി സംവരണപട്ടിക പ്രകാരം അർഹരായ മുഴുവൻ സംവരണവിഭാഗങ്ങളുടെയും ഊഴമനുസരിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കേരള സർവ്വകലാശാല അധ്യാപക നിയമനങ്ങളിൽ ഡിപ്പാർട്ട്മെന്റിനെ ഒരു യൂണിറ്റ് ആയി കണക്കാക്കിയുള്ള സംവരണ രീതിയായിരുന്നു പിന്തുടർന്ന് വന്നത്. ആക്ട് 26/2014 പ്രകാരം സർവകലാശാലയെ ഒരു യൂണിറ്റ് ആയി കണക്കാക്കി സംവരണം നടപ്പാക്കേണ്ടതാണ്. ആദ്യത്തെ സംവരണരീതി പ്രകാരം ഉണ്ടായിരുന്ന Compensation/backlog ഉം NCA/NJD സംബന്ധിച്ച വിവരങ്ങൾ Appendix 1 ആയി നൽകിയിരിക്കുന്നു. പുതിയ സംവരണരീതിയിലേക്ക് മാറേണ്ട മാർഗനിർദ്ദേശങ്ങൾ പ്രകാരം, പഴയ രീതിയിലുണ്ടായ compensation/ backlog ഉം NCA/NJD വേക്കൻസികൾ പുതിയ സംവരണ വ്യവസ്ഥയിൽ നികത്തേണ്ടയെന്നാ യിരുന്നു. പുതിയ സംവരണരീതിയിൽ ആദ്യത്തെ വിജ്ഞാപനം 2017, 2019 ൽ വന്നു. ഇത് പ്രകാരം ഇതുവരെ നടത്തിയ selection പ്രക്രിയക്ക് ശേഷം നിലവിൽ ഉള്ള

| | | | |
|---|---|---|---|
| | | | സംവരണ വിഭാഗങ്ങൾ എന്നിവയുടെ backlog ഒഴിവുകൾ അടങ്ങിയ പട്ടിക അനുബന്ധം - 2 ആയി ചേർക്കുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എസ്.സി/ എസ്.ടി. ബാക്ക്‌ലോഗ് - 1997 അസിസ്റ്റന്റ് പ്രൊഫസർ- എസ്.സി -1 അസോസിയേറ്റ് പ്രൊഫസർ - എസ്.സി -2 (മേൽപ്പറഞ്ഞ എല്ലാ ബാക്ക് ലോഗ് ഒഴിവുകളും നികത്തിക്കഴിഞ്ഞിട്ടുണ്ട്). എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ G.O (MS) No. 1/2016/HEDN dated 01/01/2016 ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നെങ്കിലും സർവ്വകലാശാല യിൽ നാളിതുവരെയായി പഠനവകുപ്പുകൾ ആരംഭിക്കാത്ത സാഹചര്യത്തിൽ അദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടില്ല. കണ്ണൂർ സർവ്വകലാശാലയിൽ ബാക്ക് ലോഗ് ഒഴിവുകളില്ല. മഹാത്മാഗാന്ധിസർവ്വകലാശാല യിലെ ബാക്ക് ലോഗ് ഒഴിവുകൾ ചുവടെ ചേർക്കുന്നു. Category Caste Year of vacancy occured Professor SC 01.04.2001 LC/AI 01.04.2007 OBC 01.06.2008 SC 01.04.2010 OC 01.06.2015 Associate Professor LC/AI 01.04.2009 Muslim 29.08.2011 PH-Blind 01.04.2014 Viswakarma 01.04.2018 Assistant Professor PH –O 01.04.2016 |
| (ബി) | 20.07.2014 ലെ 20086/ലീഗൽ.ജി2/2013/നിയമം. നമ്പർ കേരള ഗസറ്റ് വിജ്ഞാപന പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനത്തിന് സിംഗിൾ പൂളിംഗ് നടപ്പാക്കുന്നതിനാൽ കാലിക്കറ്റ്, കേരള സർവ്വകലാശാലകൾ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നിയമസാധുത എന്താണെന്ന് അറിയിക്കുമോ ; | (ബി) | കേരള സർവ്വകലാശാലയെ സംബന്ധിച്ച് സർവ്വകലാശാല ആക്ട് 26/2014 പ്രകാരം ഒറ്റ യൂണിറ്റ് ആയി കണക്കാക്കി അധ്യാപക തസ്തികകളിൽ കാറ്റഗറി തിരിച്ച സംവരണ രീതിയിൽ ഉണ്ടായ backlog പുതിയ സംവരണരീതിയിൽ പരിഹരിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകാരണം ആണ് പുതിയ സംവരണരീതിയിൽ ഇവ carry forward ചെയ്യാത്തത്. എന്നാൽ പുതിയ സംവരണരീതി നടപ്പാക്കിയ ആക്ട് ഭേദഗതിയും ( ആക്ട് 26/2014), മേല്പറഞ്ഞ backlog carry forward ചെയ്യേണ്ട എന്ന തീരുമാനമുള്ള സർവകലാശാല ഉത്തരവും, 31-03-2021 ലെ ഉത്തരവ് പ്രകാരം ഹൈക്കോടതി റദ്ദാക്കിയിരുന്നതിൽ Appeal file ചെയ്തിട്ടുള്ളതിന്മേലുള്ള തീരുമാനമായിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച വിവരങ്ങൾ ചോദ്യം (എ) യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | 1996 മുതലുള്ള ഭിന്നശേഷി ബാക്ക് ലോഗ് നികത്തണമെന്ന സുപ്രീം കോടതി വിധിയും ആക്ടും ( The Persons With Disabilities (Equal Opportunities, Protection of Rights and Full | (സി) | ഭിന്നശേഷി വിഭാഗങ്ങൾക്ക് 3% സംവരണത്തിനുവേണ്ടി കേരള സർക്കാർ നൽകിയ ഉത്തരവ് (നം. GO(Rt) No. 357/08/H.EDN തീയതി 01.03.2008) കൊച്ചി ശാസ്ത്ര സാങ്കേതിക |

| | | | |
|---|---|---|---|
| | Participation) Act, 1995) കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സർവ്വകലാശാല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | | സർവ്വകലാശാലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. തുടർന്ന് സർവ്വകലാശാല 28.02.2013ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുളളവർക്കുളള റൊട്ടേഷൻ ചുവടെ നൽകിയിരിക്കുന്നു : Turn 33 A – Blind or Low Vision Turn 66 A – Hearing Impaired Turn 99 A – Locomotive Disability or Cerebral palsy 28.02.2013-ന് ശേഷമുള്ള ഒഴിവുകളിലേക്ക് ഇതുപ്രകാരം നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഒരു നിയമനം നടക്കുകയും മറ്റു ഒഴിവുകളിലേക്കുള്ള നിയമന പ്രക്രിയ നടത്തിവരുന്നു. കാലിക്കറ്റ് സർവ്വകലാശാല ബഹുമാനപ്പെട്ട ഹൈകോടതി വിധി 9785 of 2015-W, 17961 of 2015 -U, 18659 of 2015- F and 18797 of 2015-Y പ്രകാരം ഒറ്റ യൂണിറ്റ് ആയി കണക്കാക്കികൊണ്ടാണ് 2019 ലെ വിജ്ഞാപനം ഇറക്കിയത്. സാമൂഹിക നീതി വകപ്പിന്റെ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് 4%സംവരണം ഉറപ്പു വരുത്തിയിട്ടുണ്ട്. 1998 ൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഓരോ പഠന വിഭാഗവും സിംഗിൾ യൂണിറ്റാക്കി നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ ഒരു ഭിന്നശേഷി നിയമനം നടത്തിയിട്ടുണ്ട്. 2007 മുതൽ സർവ്വകലാശാലയിൽ എല്ലാ വിഭാഗങ്ങളുടെ ഒറ്റ യൂണിറ്റാക്കിയതിനുശേഷം നടത്തിയ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കിയിട്ടുണ്ട്. ആദ്യ ഭിന്നശേഷി ഒഴിവിൽ നിയമനം നടത്തുകയും മറ്റുള്ള രണ്ട് ഒഴിവുകൾ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. (അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മാത്രമാണ് ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വച്ചിട്ടുള്ളത്) ന്യൂവാൽസിൽ ഏക വിഷയത്തിൽ മാത്രം പഠന ഗവേഷണങ്ങൾ നടത്തുന്ന നാമമാത്രമായ തസ്തികകൾ മാത്രമുള്ള യൂണിവേഴ്സിറ്റിയായതിനാൽ തന്നെ പ്രസ്തുത നിയമം പ്രായോഗികമായി നടപ്പിലാക്കുന്നതിന് വേണ്ട തസ്തികകളുടെ എണ്ണം നിലവിലില്ല. മലയാളസർവ്വകലാശാലയിൽ ഓരോ കേഡറിലും വളരെ കുറച്ച് തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളു. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സർക്കാർ ഉത്തരവനുസരിച്ച് ആകെ സൃഷ്ടിച്ചിട്ടുള്ള മുഴുവൻ ഒഴിവുകളിലും 2013, 2016 കാലഘട്ടത്തിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളതിനാൽ ഇനി വരാനും സൃഷ്ടിക്കുവാനും സാദ്ധ്യതയുള്ള ഒഴിവുകളിലേക്ക് മാത്രമേ നിയമനം നടത്താനാവു. ഈ വിഭാഗത്തിന് നൽകാൻ കഴിയുന്ന ഒഴിവ് ഏതെന്ന് കണക്കാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കേരള സർവകലാശാല ഇതുവരെ |

| | | | |
|---|---|---|---|
| | | | പിന്തുടർന്നിരുന്നത് ഡിപ്പാർട്ട്മെന്റി നെ ഒരു യൂണിറ്റ് ആയി കണക്കാക്കിയുള്ള സംവരണ രീതിയായിരുന്നു. അത് പ്രകാരം ആദ്യ 100 പോയിന്റിലെ 15 മുതൽ 20 വരെയുള്ള positions വരെ മാത്രമേ പല ഡിപ്പാർട്ട്മെന്റുകളിലും നിയമനം എത്തിയിട്ടുണ്ടായിരുന്നുള്ളു. ഡിപ്പാർ ട്ട്മെന്റുകളിലുള്ള തസ്തികകൾ കുറവായതു കാരണം ആണ് ഇപ്രകാരം സംഭവിക്കുന്നത്. PWD Act പ്രകാരമുള്ള സംവരണം 33, 66, 99 എന്ന turns-നാണ് അനുവദിച്ചിരുന്നത്. ഈ positions ഒരു ഡിപ്പാർട്ട്മെന്റിലും എത്താത്തതിനാൽ backlog ഉണ്ടായിരുന്നില്ല. യൂണിവേഴ്സിറ്റി ആക്ട് 26/2014 പ്രകാരമുള്ള സംവരണ വ്യവസ്ഥയിൽ യൂണിവേഴ്സിറ്റിയെ ഒറ്റ യൂണിറ്റായി കണക്കാക്കുമ്പോൾ 100 point റിസർവേഷൻ പുതുതായി ആരംഭിക്കേണ്ടി വന്നു. ഈ അവസരത്തിൽ നിലവിലുണ്ടായിരുന്ന നിയമപ്രകാരം 1,34,67 എന്നീ positions out of turn ആയി നല്കണമെന്നതിനനുസരിച്ച് Assistant Professor, Associate Professor, Professor എന്നീ വിഭാഗങ്ങളിൽ താഴെ പറയും പ്രകാരം ഒഴിവുകൾ വിജ്ഞാപനം ചെയ്തിരുന്നു. Assistant Professor - 2 Associate Professor - 2 Professor - 1 എന്നാൽ Assistant Professor - ടെ ഒരു ഒഴിവിൽ മാത്രമേ യോഗ്യതയുള്ള അപേക്ഷകരുണ്ടാ യിരുന്നുള്ളു. കണ്ണൂർ സർവ്വകലാശാല 1996 ലാണ് നിലവിൽ വന്നത് ആയതിനാൽ ഭിന്നശേഷി Backlog ഒഴിവുകളില്ല. മഹാത്മാഗാന്ധി സർവ്വകലാശാല യിൽ 1996 മുതലുള്ള ഭിന്നശേഷി ബാക്ക് ലോഗ് നികത്തണമെന്ന സുപ്രീംകോടതി വിധിയും ആക്ടും കേരളത്തിലെ സർവ്വകലാശാല കളിലെ അദ്ധ്യാപക നിയമനങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ